DESPATCHED
On..25/6/21...



22/6/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 128(1)/2019/SICതീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽനമ്പർ: 1491/SIC-G4/2019)**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ

തീയതി : 2021 ജൂൺ 22

ശ്രീമതി ഷരീഫ എം.കെ.,
മീത്തലെ മുത്തം കണ്ടി വീട്,
എളമ്പിലാട്, മണിയൂർ പി.ഒ.,
പയ്യോളിവഴി, കോഴിക്കോട് – 673 523.
} അപ്പീൽഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
വടകര, കോഴിക്കോട്.

2) അപ്പീൽ അധികാരി,
ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
വടകര, കോഴിക്കോട്.
} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 19.05.2019-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. സമർപ്പിച്ച വിശദീകരണം കമ്മീഷൻ പരിശോധിച്ചു. 22.08.2018-ന് ഒന്നാം എതിർകക്ഷി മുമ്പാകെ അപ്പീൽ ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് കമ്മീഷൻ ഉത്തരവിനെ തുടർന്നാണ് മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്. മാത്രവുമല്ല ഇതുമായി ബന്ധപ്പെട്ട് നൽകിയ ഒന്നാം അപ്പീലപേക്ഷയും വേണ്ടത്ര ശ്രദ്ധയോടെ കൈകാര്യം ചെയ്തിട്ടുള്ളതായി കാണുന്നില്ല. മറുപടി തയ്യാറാക്കുന്നതിനാവശ്യമായ ഫയലുകൾ പരാമർശിത കാലയളവിലെ ബി2 സെക്ഷൻ ക്ലാർക്ക്

ലഭ്യമാക്കാതിരുന്നതിനാലാണ് മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടത് എന്ന് എസ്.പി.ഐ.ഒ. റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടി സെക്ഷൻ ക്ലാർക്കിനെ deemed SPIO ആയി കണക്കാക്കി ടിയാനെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ അത്തരത്തിലുള്ള യാതൊരു നടപടിയും ഒന്നാം എതിർകക്ഷി സ്വീകരിച്ചതായി കാണുന്നില്ല. എന്നിരുന്നാലും കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി അപേക്ഷകയ്ക്ക് നൽകിയിട്ടുള്ളത് പരിഗണിച്ചും ബി2-സെക്ഷൻ ആളില്ലാതെ ഇരുന്നതിനാലാണ് മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടത് എന്നത് കണക്കിലെടുത്തും, സമയബന്ധിതമായി മറുപടി നൽകുന്നതിൽ വന്ന വീഴ്ച മന:പൂർവ്വമായിരുന്നില്ല എന്ന് കമ്മീഷന് ബോധ്യമായതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന കർശന നിർദ്ദേശം പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീമതി ഷീജ പി.സി.ക്ക് നൽകിക്കൊണ്ട് ടിയാൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുന്നതിനുള്ള താത്ക്കാലിക തീരുമാനം കമ്മീഷൻ അവസാനിപ്പിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ജൂൺ 22-ാം തീയതി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യവിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION THIRUVANANTHAPURAM